(സി) ഫൈവ് സ്റ്റാർ പദവിക്ക് വേണ്ടി ഈ വർഷം ടൂറിസം വകുപ്പിൽ പുതുതായി ലഭിച്ച അപേക്ഷകൾ എത്ര; അവയിൽ എത്രയെണ്ണത്തിന് പദവി നൽകിയിട്ടുണ്ട് ; അതിൽ എത്ര പേർക്ക് ലഭിച്ചുവെന്നും ഏതെല്ലാം ഹോട്ടലുകൾക്കാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കിറ്റ്സിന്റെ ഡയറക്ടർ നടത്തിയ വിദേശ പര്യടനങ്ങൾ

340 (1048) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ ഇപ്പോഴത്തെ ഡയറക്ടർ നാളിതുവരെ നടത്തിയ വിദേശ പര്യടനങ്ങൾ എത്രയാണെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ആയിരുന്നുവെന്നും ഇതിനായി ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായ കിറ്റ്സിന്റെ ഡയറക്ടർ ഡോ. രാജശ്രീ അജിത് നവംബർ 2012 മുതൽ യു.കെ.-യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിലും മാർച്ച് 2013-ൽ ITB (ഇൻർനാഷണൽ ടൂറിസം ബോർഡ്) ബെർലിനിലും പങ്കെടുക്കാനായി രണ്ട് ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. കൂടാതെ 31-5-2014 മുതൽ 14-6-2014 വരെ യൂറോപ്യൻ രാജ്യങ്ങളിലും 15-10-2014 മുതൽ 21-10-2014 വരെ സിംഗപ്പൂർ. മലേഷ്യ എന്നിവിടങ്ങളിലും ഡയറക്ടർ സ്വകാര്യ സന്ദർശനം നടത്തിയിട്ടുണ്ട്. 2012-ൽ നവംബറിൽ യു.കെ.-യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിൽ 2,19,591 രൂപയും (രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ). മാർച്ച് 2013-ൽ ITB ബെർലിനിൽ നടത്തിയ രണ്ടാമത് യാത്രയ്ക്ക് 1,59,642 രൂപയും (ഒരു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി അറുന്നൂറ്റി നാൽപത്തി രണ്ടു രൂപ) ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly